ഉത്തരം

(എ)

| ക്രമ നം. | ജില്ല | തസ്തിക | |
|---|---|---|---|
| | | ചീഫ് മെഡിക്കലാഫീസർ | മെഡിക്കലാഫീസർ |
| 1. | തിരുവനന്തപുരം | ... | 1 |
| 2. | കൊല്ലം | 2 | 4 |
| 3. | പത്തനംതിട്ട | ... | 2 |
| 4. | ആലപ്പുഴ | 2 | 11 |
| 5. | കോട്ടയം | 1 | 7 |
| 6. | ഇടുക്കി | 1 | 11 |
| 7. | എറണാകുളം | 2 | 1 |
| 8. | തൃശ്ശൂർ | ... | 3 |
| 9. | പാലക്കാട് | ... | 2 |
| 10. | കോഴിക്കോട് | 1 | 1 |
| 11. | വയനാട് | ... | 6 |
| 12. | മലപ്പുറം | 1 | 5 |
| 13. | കണ്ണൂർ | 1 | 5 |
| 14. | കാസർഗോഡ് | ... | 8 |

(ബി&സി) നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ തസ്തികകൾ**

82 (3514) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ (അലോപ്പതി) ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളതെന്ന് ആശുപത്രി തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ഡോക്ടർമാരുടെയും താൽക്കാലിക ഡോക്ടർമാരുടെയും എണ്ണം ആശുപത്രി തിരിച്ച് വിശദമാക്കാമോ ;

(സി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ ;

(ഡി) കാസർഗോഡ് ജില്ലയിലെ ഡോക്ടർമാർക്ക് നൽകിവരുന്ന ഇൻസെന്റീവ് കൃത്യമായി നൽകുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട് ; അത് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളിലേയ്ക്ക് കാസർഗോഡ് ജില്ലയിൽ ഉൾപ്പെടെ പി. ജി. പഠനം പൂർത്തിയാക്കിവരുന്ന മെഡിക്കൽ ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. കൂടാതെ പി.എസ്.സി. നിയമന ശിപാർശ ലഭിച്ചിട്ടും നാളിതുവരെ ജോലിയിൽ ഹാജരാകാത്ത (എൻ.ജെ.ഡി.) ഉദ്യോഗാർത്ഥികളുടെ എണ്ണം തിട്ടപ്പെടുത്തി പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിനുവേണ്ടി സർവ്വീസിൽ പി.ജി. ബിരുദമുള്ള മെഡിക്കൽ ആഫീസർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് പ്രാഥമിക പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള അപ്പീൽ പരിശോധിച്ച് അന്തിമ പട്ടിക തയ്യാറാക്കി വിവിധ സ്പെഷ്യാലിറ്റികളിലുള്ള സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് എന്നീ തസ്തികകളിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകി ഒഴിവുകൾ നികത്തി വരുന്നു. അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ ഒഴിവുകളും താൽക്കാലിക പ്രൊമോഷൻ നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി&ഇ) കാസർഗോഡ് ജില്ലയിലെ ഡോക്ടർമാർക്ക് എൻ.ആർ.എച്ച്.എം. മുഖേന 20,000 രൂപയാണ് ഇൻസെന്റീവായി നൽകിവരുന്നത്. ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം 2013 ആഗസ്റ്റിനുശേഷം ഇൻസെന്റീവ് നൽകാനായിട്ടില്ല. ഇത് നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly